ICDS/A2-8806/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 11-6-2021
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ആഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - ഐസിഡിഎസ് - സർക്കാരിന്റെ 100 ദിന കർമ്മ പരിപാടി - വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്ത അങ്കണവാടികളുടെ വൈദ്യുതീകരണം - സംബന്ധിച്ച്

സൂചന: ബഹു. വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ 07.06.2021ലെ യോഗം

കുഞ്ഞുങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സാമൂഹ്യ വിഭവ കേന്ദ്രങ്ങളാണ് സംസ്ഥാനത്തു ഐസിഡിഎസിനു കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ. കുട്ടികളുടെ ശാരീരിക, സാമൂഹിക, വൈജ്ഞാനിക, വൈകാരിക മേഖലകളുടെ വികാസത്തിന് ഊന്നൽ നൽകിയിട്ടുള്ള സേവനങ്ങളാണ് അങ്കണവാടികളിലൂടെ പ്രദാനം ചെയ്യുന്നത്. ആകയാൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനം ഏറെ പ്രാധാന്യമുള്ളതാണ്. സംസ്ഥാനത്ത് നിലവിൽപ്രവർത്തിക്കുന്ന അങ്കണവാടികളിൽ വൈദ്യുതി -92%, ടെയ്‌ലറ്റ് - 98%, കുടിവെള്ള സൗകര്യം - 84% എന്നിങ്ങനെ ഭൗതിക സാഹചര്യങ്ങൾ ഉള്ളതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

അങ്കണവാടികളിലെ ഭൗതിക സാഹചര്യങ്ങൾ പരമാവധി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികളെ വൈദ്യുതീകരിക്കുന്നതിനുള്ള പ്രത്യേക ഡ്രൈവ് സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ആയതുമായി ബന്ധപ്പെട്ട് ജില്ലകളിൽ നിന്നും വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികളുടെ വിവരശേഖരണം നടത്തിയിരുന്നു. വിവരങ്ങളുടെ ക്രോഡീകരിച്ച ലിസ്റ്റ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതോടൊപ്പം ഗൂഗിൾ ഷീറ്റിലും ഇതോടൊപ്പം ലഭ്യമാക്കുന്നു. എല്ലാ പ്രോഗ്രാം ഓഫീസർമാരും സിഡിപിഒമാരും ടി ലിസ്റ്റ് വിശദമായി പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തേണ്ടതും ആവശ്യമായ കൂട്ടിച്ചേർക്കലുകൾ/ ഒഴിവാക്കലുകള് ഉണ്ടെങ്കിൽ ആയതു ഗൂഗിൾ ഷീറ്റില് രേഖപ്പെടുത്തി അപ്ഡേറ്റ് ചെയ്ത് കൃത്യമായ റിപ്പോർട്ട് 14.06.2021 നകം ലഭ്യമാക്കേണ്ടതാണ്.

ഇപ്രകാരം അപ്ഡേറ്റ് ചെയ്ത് ലഭ്യമാക്കുന്ന ജില്ലാതല/പ്രോജക്ടതല റിപ്പോർട്ടുകൾ അന്തിമമായി പരിഗണിച്ച് തുടർ നടപടികൾ ആരംഭിക്കേണ്ടതാണ്. ആയതിനാൽ ഗൂഗിൾ ഷീറ്റിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ കൃത്യത ഉള്ളതാണെന്ന് സൂപ്പർവൈസർ, സിഡിപിഒ, പ്രോഗ്രാം ഓഫീസർ, ജില്ലാ ഓഫീസർ എന്നീ തലങ്ങളില് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഗൂഗിൾഷീറ്റിൽഅപ്ഡേറ്റ് ചെയ്യുന്ന വിവരങ്ങളുടെ ആധികാരിക റിപ്പോർട്ട് Excel ഷീറ്റായി പ്രോഗ്രാം ആഫീസർമാർ ലഭ്യമാക്കേണ്ടതാണ്.

ജില്ലകളിൽ വൈദ്യുതി കണക്ഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വൈദ്യുതീകരണത്തിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

**സ്വന്തം കെട്ടിടം**

- ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അങ്കണവാടികളിൽ സ്വന്തം/വാടക/വാടകേതര കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും ആഗസ്റ്റ്-31നകം വൈദ്യുതീകരണം പൂർത്തീകരിക്കാൻ കഴിയുന്നത്/ യാതൊരു കാരണവശാലും കഴിയാത്തത് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഗൂഗിൾഷീറ്റിൽ രേഖപ്പെടുത്തേണ്ടതാണ്.
- ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അങ്കണവാടികളിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും ആഗസ്റ്റ്-31നകം വൈദ്യുതീകരണം പൂർത്തീകരിക്കാൻ കഴിയുന്നതുമായ അങ്കണവാടികൾക്ക്

പ്രോജക്റ്റ് (തദ്ദേശ സ്വയംഭരണ വകുപ്പ്/ മറ്റ് ഫണ്ട് ) വച്ചിട്ടുള്ളതു സംബന്ധിച്ച വിശദാംശങ്ങൾ ഗൂഗിൾഷീറ്റിൽ രേഖപ്പെടുത്തേണ്ടതാണ്.

- ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അങ്കണവാടികളിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും വൈദ്യുതി കണക്ഷൻ ഇല്ലാത്തതും ആയ അങ്കണവാടികളുടെ വൈദ്യുതീകരണത്തിനായി പ്രോജക്റ്റ് വച്ചിട്ടുള്ള പഞ്ചായത്തുകളിലെ സെക്രട്ടറി/ വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ നേരിൽക്കണ്ട് സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ വൈദ്യുതീകരണം പ്രത്യേക ഡ്രൈവ് ആയി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ആഗസ്റ്റ്-31 നകം വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര തുടർ നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട CDPO/Supervisor ചർച്ച ചെയ്യേണ്ടതും തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥരുമായി നിരന്തരം ബന്ധപ്പെട്ട് ആയതിന്റെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് പ്രോഗ്രാം ഓഫീസർമാർ മുഖാന്തിരം ലഭ്യമാക്കേണ്ടതും ആഗസ്റ്റ്-31 നകം തന്നെ വൈദ്യുതീകരണം പൂർത്തിയാക്കേണ്ടതുമാണ്.

- ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അങ്കണവാടികളിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും ആഗസ്റ്റ്-31നകം വൈദ്യുതീകരണം പൂർത്തീകരിക്കാൻ കഴിയുന്നതും എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം പഞ്ചായത്തിൽ പ്രൊജക്റ്റ് വച്ചിട്ടില്ലാത്തതുമായ അങ്കണവാടികളുടെ വൈദ്യുതീകരണത്തിനായി ഫണ്ട് കണ്ടെത്തുന്നതിലേയ്ക്ക് സിഡിപിഒമാർ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. CDPO-മാർ നടപടി പുരോഗതി കൃത്യമായ ഇടവേളകളിൽ പ്രോഗ്രാംഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## വാടക കെട്ടിടം

- വൈദ്യുതി ഇല്ലാത്ത വാടക കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ടി കെട്ടിടം വൈദ്യുതീകരിക്കുന്നതിനായി കെട്ടിടം ഉടമയോട് ചർച്ച നടത്തേണ്ടതും അല്ലാത്ത പക്ഷം വൈദ്യുതി കണക്ഷൻ ഉള്ള മറ്റൊരു കെട്ടിടത്തിലേയ്ക്ക് അങ്കണവാടി മാറ്റി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## വാടക രഹിതം കെട്ടിടം

- വൈദ്യുതി കണക്ഷൻ ഇല്ലാത്ത വാടക രഹിത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി കെട്ടിടം പ്രദാനം ചെയ്ത സ്ഥാപനങ്ങളെ സമീപിച്ച് സമയബന്ധിതമായി വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ആയത് സാധ്യമല്ലാത്ത സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ പ്രസ്തുത അങ്കണവാടി വൈദ്യുതി കണക്ഷൻ ഉള്ള മറ്റൊരു വാടക രഹിത/ വാടക കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്.

## പൊതു നിർദ്ദേശങ്ങൾ

- ആഗസ്റ്റ്-31 നകം വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനായി ലിസ്റ്റ് ചെയ്തിട്ടുള്ള അങ്കണവാടികളുടെ പ്രവർത്തന പുരോഗതി പ്രോഗ്രാം ഓഫീസർമാർ CDPO/Supervisor മാരുമായും മറ്റ് ഉദ്യോഗസ്ഥരുമായി നിരന്തരം ബന്ധപ്പെട്ട് സമയ ബന്ധിതമായി വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ആഗസ്റ്റ് 31നകം പൂർത്തീകരിക്കാൻ കഴിയാത്ത അങ്കണവാടികൾക്ക് നാളിതുവരെ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത സാഹചര്യം കൃത്യമായി പരിശോധിക്കേണ്ടതും തടസ്സം ഒഴിവാക്കി വൈദ്യുതി ലഭിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യേണ്ടതും തടസ്സം പരിഹരിക്കുന്നതിനു അവശ്യം വേണ്ടുന്ന തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

- വൈദ്യുതീകരണം ലഭിക്കുന്നതിനുള്ള തടസം മറ്റ് വകുപ്പുമായി ബന്ധപ്പെട്ടതോ ഒഴിവാക്കാനാകാത്ത സാഹചര്യം നിലനിൽക്കുന്നതോ ആണെങ്കിൽ ആയത് CDPO-മാർ പ്രോഗ്രാം ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ജില്ലാതലത്തിൽ പരിഹരിക്കാൻ കഴിയുന്നതാണെങ്കിൽ ആയതു പ്രോഗ്രാം ഓഫീസർമാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് തടസം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നടപടി വിവരങ്ങൾ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

• ഭൂമിശാസ്ത്ര പരമായ പ്രത്യേകത മൂലം വൈദ്യുതി എത്തിക്കാൻകഴിയാത്ത അങ്കണവാടികളുടെ വൈദ്യുതീകരണത്തിന് ആവശ്യമെങ്കിൽ അനെർട്ടിന്റെ ജില്ലാതല ഓഫീസുമായി പ്രോഗ്രാം ആഫീസർമാർ/ CDPO മാർ ബന്ധപ്പെട്ട് സോളാർ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായുള്ള സാധ്യതകൾ കൂടി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

• മേൽ നടപടികളൊന്നും സാധ്യമാകാത്ത സാഹചര്യത്തിൽ മാത്രം അങ്കണവാടികളുടെ വൈദ്യുതീകരണത്തിനുള്ള തടസ്സം സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച പ്രൊപ്പോസൽ പ്രോഗ്രാം ഓഫീസർമാരുടെ ശുപാർശ സഹിതം ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

മേൽവിഷയം മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും വകുപ്പ് മന്ത്രി നേരിട്ട് അവലോകനംനടത്തുന്നതിനാലും വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടു വേണം ജില്ലാ/പ്രോഗ്രാം/CDPO/Supervisor-മാർ ടി വിഷയം കൈകാര്യം ചെയ്യേണ്ടത്. ആകയാൽ ഇതോടൊപ്പം ലഭ്യമാക്കുന്ന google sheet update ചെയ്ത് അനുബന്ധം 1 ആയി 14-6-2021-ൽ തന്നെ ലഭ്യമാക്കേണ്ടതാണ്. ടി.വിവരങ്ങൾ ജില്ലാതല റിപ്പോർട്ടായി അനുബന്ധം 2ൽ പ്രോഗ്രാം ആഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. തുടർന്ന് ഓരോ ആഴ്ചയിലും ലിസ്റ്റിന്റെ അപ്ഡേഷൻ നടത്തി CDPO മാർ റിപ്പോർട്ട് ജില്ലാ ആഫീസർ /പ്രോഗ്രാം ആഫീസർ ക്ക് നൽകേണ്ടതും ജില്ലാവനിത ശിശു വികസന ആഫീസർമാർ വിഷയം അവലോകനം ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ,

For വനിത ശിശു വികസന ഡയറക്ടർ

ഉള്ളടക്കം : 1) അനുബന്ധം 1
( google Sheet)
2) അനുബന്ധം 2
( റിപ്പോർട്ട്)